Draft #1 of File 84049/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jun-2021 03:14 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2021 -22 അധ്യയന വർഷം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2594/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.06.2021

---

*പരാമർശം:*-1. 03 .06 .2021 തീയതിയിലെ, വൈസ് ചാൻസലറുടെ കുറിപ്പ് നം.വി.സി.702/2 /072 /2021.

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക്(നിയന്ത്രണ സമിതികൾ ഇല്ലാത്തവ) 2021 -22 അധ്യയന വർഷം, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) അനുസരിച്ച്, പരാമർശം (1) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

എ) ഓരോ പ്രോഗ്രാമിനും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ (sanctioned strength) 25% സീറ്റുകൾ നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) ആയി അനുവദിച്ചിരിക്കുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) ഉൾപ്പെടെ പരമാവധി 70 സീറ്റ്.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് നാമമാത്ര സീറ്റ് വർദ്ധനവ്(മാർജിനൽ വർദ്ധനവ്) ഉൾപ്പെടെ പരമാവധി 30 സീറ്റ്.

ബി) മേൽ സൂചിപ്പിച്ച പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) അനുവദിക്കുമ്പോൾ കിട്ടുന്ന സീറ്റുകളുടെ എണ്ണം ഒറ്റ സംഖ്യയാണെങ്കിൽ തൊട്ടടുത്ത ഇരട്ടസംഖ്യ നാമമാത്ര സീറ്റ് വർദ്ധനവിനായി (മാർജിനൽ വർദ്ധനവ്) എടുക്കാവുന്നതാണ്.

സി) നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ് ), 2021-22 അദ്ധ്യയന വർഷം വരെയുള്ള ഫീ കുടിശ്ശിക തീർക്കാത്ത കോളേജുകൾക്ക് അനുവദിക്കുന്നതല്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ
2. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
4.എസി.സി.1/2/എസി.എ7/എസി.ബി7/ എ റ്റി ആർ
5.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ / സർവ്വകലാശാല വെബ് സൈറ്റ്
6.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 84049/AC A1-3/2021/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 04-Jun-2021 03:14 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം